മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ,ബി) ഇതു സംബന്ധിച്ച് കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിലെ * കോൺസ്റ്റബിയ കൃഷ്ണനെ അന്വേഷണ വിധേയനായി സസ്പെൻഡ് ചെയ്യുകയും പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ ഡിസ്ട്രിക്ട് ജഡ്ജ് ശ്രീ. ജി. ശ്രീധരൻ നായരെ അന്വേഷണ കമ്മീഷനായി നിയമിക്കുകയും ചെയ്തു. ഇതു കൂടാതെ വെടിവെയ്പിൽ മരണമടഞ്ഞ ആളിന്റെ അനന്തരാവകാശിക്കു 5,000 രൂപ സഹായധനം കൊടുക്കുവാനും പരിക്കുപറ്റി ആശുപത്രിയിൽ ചികിൽസയിലിരുന്നവരുടെ ചികിൽസാ ചെലവുകൾ ഗവൺമെന്റിൽ നിന്നു നൽകുവാനുമുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

പോലീസ് വിഭാഗത്തിന് പുതുതായി അനുവദിച്ച ആനുകൂല്യങ്ങൾമൂലം ഉണ്ടാകുന്ന അധികച്ചെലവ്

*18[19] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പോലീസ് വിഭാഗത്തിന് പുതുതായി അനുവദിച്ച ശമ്പള പരിഷ്കാരം, പ്രമോഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് സംസ്ഥാന ഗവൺമെന്റിന് എത്ര തുക അധികച്ചെലവ് ഉണ്ടാകും?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

ഒരു വർഷത്തേയ്ക്ക് ഏകദേശം 157 ലക്ഷം രൂപ.

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പുനഃസംഘടന

*19[20] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോർഡിൽ ഹരിജനങ്ങളെ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര പേരെ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) പ്ലാനിംഗ് ബോർഡ് മെമ്പർമാരുടെ നിയമനക്കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഇപ്പോൾ പരിഗണനയിൽ ഇരിക്കുന്നവരിൽ ഹരിജനങ്ങളില്ല.

(സി,ഡി) പ്ലാനിംഗ് ബോർഡ് അംഗങ്ങളുടെ നിയമനത്തിൽ ജാതി പരിഗണന ഒരു മാനദണ്ഡമായി കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly